File No.TCPCTP/2439/2019-A2

ഭരണഭാഷ – മാതൃഭാഷ

# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം :- നഗര–ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യനഗരാസൂത്രകൻ്റെ കാര്യാലയം – ജീവനക്കാര്യം– ശ്രീ. എഡ്വേഡ്.കെ.എ, ക്ലർക്കിനെ ആലപ്പുഴ നഗരാസൂത്രണ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1. റവന്യൂ (സി) വകുപ്പിൽ നിന്നുള്ള 15/10/2019–ലെ സ.ഉ(സാധാ)നം. 2867/19/റവ ഉത്തരവ്
2. ആലപ്പുഴ കളക്ടറുടെ 9/11/2019–ലെ എ 3/710/19 നമ്പർ നിയമന ഉത്തരവ്.
3. ശ്രീ. എഡ്വേഡ്.കെ.എ, ക്ലർക്കിൻ്റെ 24/10/2019–ലെ അപേക്ഷ.
4. മുഖ്യനഗരാസൂത്രകയുടെ 29/11/2019–ലെ TCPCTP/2439/19–A2 നമ്പർ ഉത്തരവ്
5. ആലപ്പുഴ ടൗൺ പ്ലാനറുടെ 29/11/2019–ലെ TCPALP/1038/19–A നമ്പർ വിടുതൽ ഉത്തരവ്

---

## എസ്റ്റാബ്ലിഷ്മെൻ്റ് സെക്ഷൻ

ഉത്തരവ് നമ്പർ. TCPCTP/2439/19–A2 തീയതി : **03/12/2019**

---

## <u>ഉത്തരവ്</u>

മുഖ്യനഗരാസൂത്രണ കാര്യാലയത്തിന് കീഴിലുള്ള ആലപ്പുഴ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ ക്ലർക്കായിരുന്ന ശ്രീമതി. അൽസൈനു.എ.കെ യ്ക്ക് റവന്യൂ വകുപ്പിൽ പരാമർശം (1), (2) പ്രകാരം അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിച്ച് ഉത്തരവാകുകയും പരാമർശം (4)–ലെ ഉത്തരവ് പ്രകാരം വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുവാദം നൽകി ഉത്തരവായതിൻ്റെ അടിസ്ഥാനത്തിൽ പരാമർശം (5)–ലെ ആലപ്പുഴ ടൗൺ പ്ലാനറുടെ ഉത്തരവ് പ്രകാരം 29/11/2019 അപരാഹ്നം ശ്രീമതി. അൽസൈനു.എ.കെ ടി കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. ശ്രീമതി. അൽസൈനു.എ.കെ വിടുതൽ ചെയ്തതിനെ തുടർന്ന് ടി കാര്യാലയത്തിൽ ഒരു എൽ.ഡി.ക്ലർക്കിൻ്റെ ഒഴിവ് ഉണ്ടാകുകയും , പ്രസ്തുത ഒഴിവിലേക്ക് മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നതും ആലപ്പുഴ DRB മുഖേന ക്ലർക്കായി നിയമിതനായതുമായ ശ്രീ. എഡ്വേഡ്.കെ.എ–യെ ടിയാൻ്റെ അപേക്ഷപ്രകാരം ആലപ്പുഴ ജില്ലാ കാര്യാലയത്തിൽ ശ്രീമതി. അൽസൈനു.എ.കെ വിടുതൽ ചെയ്തത് മൂലം ഉണ്ടായ എൽ.ഡി.ക്ലാർക്കിൻ്റെ ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു . ശ്രീ.എഡ്വേഡ്.കെ.എ യഥാസമയം ആലപ്പുഴ നഗരാസൂത്രകൻ മുഖേന ജോലിക്ക് ഹാജരാകേണ്ടതുമാണ്.

മേൽപറഞ്ഞ സ്ഥലം മാറ്റത്തിൽ കെ .എസ്.ആർ ഭാഗം 1-ലെ ചട്ടങ്ങൾ പ്രകാരമുള്ള യാത്രാസമയത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**കെ.എസ്.ഗിരിജ**
ചീഫ് ടൗൺ പ്ലാനർ

ശ്രീ.എഡ്വേഡ്.കെ.എ, എൽ.ഡി.ക്ലർക്ക്

പകർപ്പ്

1. സി.എ മുഖേന മുഖ്യനഗരാസൂത്രക
2. ടൗൺ പ്ലാനർ, ആലപ്പുഴ
3. സീനിയർ ഫിനാൻസ് ഓഫീസർ
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
5. എ, ബി, എസ് സെക്ഷൻ സൂപ്രണ്ടുമാർ
6. ഐ.ടി ഓഫീസർ
7. വെബ് സൈറ്റ്
8. കരുതൽ ഫയൽ
9. അധികം-1

*S3122019*